UNIVERSITY OF KERALA
Thiruvananthapuram, Kerala, India – 695034
(Established as University of Travancore by the Travancore University Act in 1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)
(Re-accredited by NAAC with 'A++' Grade)

**പരസ്യം**

കേരള സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരത്ത് പി.എം.ജി ജംഗ്ഷനിലുള്ള International Youth Hostel -ലിൽ കരാർ അടിസ്ഥാനത്തിൽ പൂന്തോട്ട പരിപാലനം, ശുചീകരണം എന്നിവയിൽ മുൻപരിചയമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ. സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും വാർഷിക അടിസ്ഥാനത്തിൽ മുദ്ര വച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

മുദ്ര വച്ച കവറുകൾ, Finance Officer, University of Kerala - യുടെ പേരിലെടുത്ത SBI - KUOC ബ്രാഞ്ചിൽ മാറാവുന്ന 12,150/- രൂപയുടെ (പന്ത്രണ്ടായിരത്തി നൂറ്റമ്പത് രൂപ മാത്രം) നിരത ദ്രവ്യം, ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിൽ " Quotation for Sweeping, Cleaning and Gardening in the International Youth Hostel, P.M.G Junction" എന്ന തലക്കെട്ടോടുകൂടി 20.12.2024 തീയതി 03.00 pm മണിക്ക് കേരള സർവ്വകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിലെ രജിസ്ട്രാറുടെ ഓഫീസിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും, നിബന്ധനകൾക്കും മേൽ പറഞ്ഞ ഓഫീസുമായി ബന്ധപ്പെടുകയോ www.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡു ചെയ്യാവുന്നതാണ്.

മുദ്ര വച്ച ദർഘാസുകൾ 20.12.2024 തീയതിയിൽ 04:00 pm സമയത്ത് കേരള സർവ്വകലാശാല രജിസ്ട്രാറുടെ ഓഫീസിൽ വച്ച് തുറക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച് അന്തിമ തീരുമാനം കേരള സർവ്വകലാശാല രജിസ്ട്രാറുടേതും ആയിരിക്കും. ദർഘാസ് വിജ്ഞാപനത്തിൽ മാറ്റ-തിരുത്തുകൾ വരുത്താൻ രജിസ്ട്രാർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

**തിരുവനന്തപുരം** **രജിസ്ട്രാർ**
07.12.2024

Draft #7 of File 60510/Admn B I/2022/UOK Approved by Registrar on 07-Dec-2024 02:57 PM - Page 1

Draft #7 of File 60510/Admn B I/2022/UOK Approved by Registrar on 07-Dec-2024 02:57 PM - Page 2

<u>ജോലിയുടെ സ്വഭാവവും വ്യവസ്ഥകളും</u>

1. ശുചീകരണം ചെയ്യേണ്ട സ്ഥലങ്ങൾ

- International Youth Hostel - ലെ എല്ലാ മുറികളും, ഹാളുകളും, വിശ്രമ മുറികളും, വരാന്ത, ഇടനാഴികളും, അടുക്കള, ഡൈനിംഗ് റൂം, ഡോർമിറ്ററി, വാഷ്ബേസിനുകളും, ശുചിമുറികളും, ജനാലകൾ, വാതിലുകൾ, ടെറസ് എന്നിവയുൾപ്പെടെയുള്ള കെട്ടിടത്തിന്റെയും, പരിസരത്തിന്റെയും എല്ലാ ഭാഗങ്ങളുടെയും ദൈനംദിന ശുചീകരണം.
- നിർദേശിക്കപ്പെട്ട  സ്ഥലങ്ങൾ എപ്പോഴും വൃത്തിയായി നിലനിർത്തണം.
- വൃത്തിയാക്കുവാനുള്ള ഉപകരണങ്ങൾ (ചൂൽ, കുട്ട, ലോഷൻ, ബ്ലീച്ചിംഗ് പൗഡർ മുതലായവ) സ്വന്തം ചെലവിൽ കൊണ്ടു വരണം.
- കെട്ടിടത്തിലെ ശൗചാലയങ്ങൾ എല്ലായ്പ്പോഴും വൃത്തിയായി നിലനിർത്തേണ്ടതാണ്.

2. പൂന്തോട്ട പുൽത്തകിടി പരിചരണം

- International Youth Hostel - ലെ പൂന്തോട്ടം നിർമാണം / പരിപാലനം, കള നിർമ്മാർജ്ജനം, കരിയിലയുടെയും, ചപ്പുചവറുകളുടെയും നിർമ്മാർജ്ജനം, ക്ഷുദ്ര ജീവി/ കീട നിർമ്മാർജ്ജനം.
- ചെടി നനയ്ക്കൽ, വള പ്രയോഗം, കള പറിക്കൽ, ചെടി നടൽ, ചെടി ഒരുക്കൽ, പുൽത്തകിടി പരിചരണം മുതലായ ജോലികൾ ഇതിന്റെ ഭാഗമായി ചെയ്യണം.  ചെടി നനയ്ക്കുവാനുള്ള ഉപകരണങ്ങൾ (ഹോസ് പോലുള്ളവ) കരാറുകാരൻ കൊണ്ടു വരേണ്ടതാണ്.
- ചെടി നനയ്ക്കൽ, ആവശ്യമായ എല്ലാ ദിവസങ്ങളിലും അവധി ദിവസങ്ങൾ ഉൾപ്പെടെ ചെയ്യേണ്ടതാണ്. ആവശ്യമായ നനയ്ക്കൽ, പരിചരണം ഇവയുടെ അഭാവം മൂലം ചെടികൾക്കുണ്ടാകുന്ന നാശത്തിന് കരാറുകാരൻ ഉത്തരവാദിയായിരിക്കും.

<u>പൊതുവ്യവസ്ഥകൾ</u>

- കരാറുകാരൻ ഏർപ്പെടുത്തിയിട്ടുള്ള ജോലിക്കാരുടെ പേരും, മേൽ വിലാസവും സെനറ്റ് ഹൗസ് ക്യാമ്പസിലെ സെക്യൂരിറ്റി ഓഫീസർ മുന്പാകെ അറിയിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
- ഹോസ്റ്റലിൽ ദൈനം ദിനം വരുന്ന തൊഴിലാളികൾ അവിടത്തെ ഉത്തരവാദിത്തപെട്ട ഉദ്യോഗസ്ഥനെ അവരുടെ പേര് വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.
- കരാറുകാരൻ ആവശ്യമായ സേവനത്തിൽ കുറവ് വരുത്തിയാൽ കരാർ തുകയിലും ആനുപാതികമായി കുറവ് വരുത്തുന്നതാണ്.  സേവനം തൃപ്തികരമല്ലെങ്കിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം രജിസ്ട്രാർക്ക് ഉണ്ടായിരിക്കും.
- ചെയ്യേണ്ടുന്ന ജോലിയുടെ സ്ഥലവും സ്വഭാവവും, അളവും ക്യാമ്പസിൽ നേരിൽ വന്നു ബോധ്യപ്പെടാവുന്നതാണ് (മുൻകൂട്ടി അറിയിച്ച ശേഷം).
- സർവ്വകലാശാല ഇക്കാര്യത്തിൽ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും, ഉത്തരവുകളും, കരാറുകാരൻ പാലിക്കേണ്ടതാണ്.
- കരാറുകാരൻ ക്വട്ടേഷനിൽ (ലേലത്തിൽ) രേഖപ്പെടുത്തുന്ന തുക എല്ലാ നികുതികളും ഉൾപ്പെടുന്നതായിരിക്കണം.
- മേഖലയിൽ മുൻ പരിചയം ഉള്ളവർക്കും, സഹകരണ മേഖല, ഗവൺമെന്റ് ഏജൻസികൾക്കും മുൻഗണന നൽകുന്നതാണ്. ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഇതോടൊപ്പം ഹാജരാക്കേണ്ടതാണ്.
- കരാറെടുക്കുന്ന വ്യക്തി/ സ്ഥാപനം സർവ്വകലാശാലയുമായി 200/- രൂപയുടെ (അല്ലെങ്കിൽ നിലവിൽ

പ്രാബല്യമുള്ള നിരക്ക്) മുദ്ര പത്രത്തിൽ ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

- ശുചീകരണ തൊഴിലാളികളുടെ സേവനം നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ  രാവിലെ 07 മണി മുതൽ വൈകുന്നേരം 03 മണി വരെ ലഭ്യമായിരിക്കണം.
- കരാർ ലഭിച്ച വ്യക്തി 5000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്.
- International Youth Hostel - ലെ മേട്രൺ/ വാർഡൻ/ കെയർടേക്കർ എന്നിവർ കരാറുകാരൻ ഏറ്റെടുക്കുന്ന ജോലികൾക്ക് മേൽ നോട്ടം വഹിക്കുന്നതായിരിക്കും.
- കരാർ തുക ആനുപാതിക മാസ തവണകളായി നൽകുന്നതാണ്.

തിരുവനന്തപുരം                                        രജിസ്ട്രാർ
07.12.2024

Draft #7 of File 60510/Admn B I/2022/UOK Approved by Registrar on 07-Dec-2024 02:57 PM - Page 3

The document is digitally approved. Hence signature is not needed.